# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4225 — 24.06.2019 ലെ മറുപടി

## ആലത്തൂർ നിയോജകമണ്ഡലത്തിലെ വിവിധ പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.ഡി.പ്രസേനൻ: | കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) |
| മൈനർ ഇറിഗേഷൻ വകുപ്പിന് കീഴിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്നതും, നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ വിവിധ പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; അവയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ? | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

1. റീഹാബിലിറ്റേഷൻ 2018-19 എരിമയൂർ പഞ്ചായത്തിൽ പുള്ളോട് എൽ.ഐ.എസ് കേടുപാടുകൾ തീർക്കൽ സിവിൽ പ്രവൃത്തിക്ക് 624000/- രൂപയുടെ ഭരണാനുമതി നല്കി. ഈ പ്രവൃത്തിക്ക് പുനർ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

2. മിർപ്പ 2018-19 എരിമയൂർ പഞ്ചായത്തിൽ പുള്ളോട് എൽ.ഐ.എസ് കേടുപാടുകൾ തീർക്കൽ ഇലക്ട്രിക്കൽ പ്രവൃത്തിക്ക് 90,000/- രൂപയുടെ അനുമതി നല്കി. ഇതിൽ ഒരു പമ്പ് ഗുണഭോക്തൃസമിതി വഴി റിപ്പയർ ചെയ്ത് പ്രവർത്തന ക്ഷമമാക്കി കഴിഞ്ഞ സീസണിൽ തന്നെ പമ്പിംഗ് നടത്തിയിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തിക്കുള്ള ടെൻഡർ നടപടി പുരോഗമിച്ച് വരുന്നു.

3. എം.ഐ ക്ലാസ് 2 ഹരിതകേരളം 2018-19 വണ്ടാഴി പഞ്ചായത്തിലെ പൈതലക്കുളം പുനരുദ്ധരിക്കുന്നതിനായി 30,00,000/- രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ഈ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

4. പ്രോജക്ട് മെയിന്റനൻസ് 2018-19 വണ്ടാഴി പഞ്ചായത്തിലെ ചല്ലപടിതോട് വെള്ളപ്പൊക്കത്തിൽ തകർന്ന കേടുപാടുകൾ തീർക്കുന്നതിനായി 13.80 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു.

5. വെള്ളപ്പൊക്കക്കെടുതിയിൽ 2018-19 കിഴക്കഞ്ചേരി പഞ്ചായത്തിലെ കോരൻചിറ തോടിന്റെ വശങ്ങൾ സംരക്ഷിക്കുന്നതിനായി പദ്ധതിയിൽ 772000/- രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

6. എസ്.ഡി.ആർ.എഫ് 2019-20 ൽ മേലാർക്കോട് പഞ്ചായത്തിലെ അയിലൂർ പുഴയുടെ ബണ്ട് സംരക്ഷിക്കുന്നതിനായി രണ്ടു പ്രവർത്തികൾക്കായി മൊത്തം 4.8 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

7. എസ്.ഡി.ആർ.എഫ് 2019-20 ൽ മേലാർക്കോട് പഞ്ചായത്തിലെ പഴമ്പനക്കാട് ചെക്ക് ഡാമിന്റെ മുകൾഭാഗത്തും താഴ്ഭാഗത്തുമായി 2 പ്രവർത്തികൾക്കായി മൊത്തം 4.5 ലക്ഷം രൂപയുടെ അരിക് സംരക്ഷണ പ്രവൃത്തികൾക്കായി അനുമതി നല്കിയിട്ടുണ്ട്. ഇതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

**2019-20 ലെ ശുപാർശ ചെയ്ത പ്രവർത്തികളുടെ വിശദാംശങ്ങൾ താഴെ പറയുന്നു.**

1. 2019 ലെ എം.ഐ ക്ലാസ് 1ൽ എരുമയൂർ പഞ്ചായത്തിലെ കുരുഡൻ തോടിനു കുറകെ മേലെ പുരയിൽ ഒരു വി.സി.ബി നിർമ്മിക്കുന്നതിനായി 45 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. എം.ഐ.ക്ലാസ് 2 പ്രവർത്തികളിൽ ഹരിതകേരളം പദ്ധതിയിൽ വണ്ടാഴി ഗ്രാമപഞ്ചായത്തിലെ പട്ടതലകുളം പുനരുദ്ധാരണത്തിനായി 23 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. റിനൊവേഷൻ ഓഫ് പോണ്ട്സ് & ടാങ്ക്സ് ഹരിതകേരളം പദ്ധതിയിൽ എരിമയൂർ പഞ്ചായത്തിലെ ചാത്തൻകുളം മെച്ചപ്പെടുത്തുന്നതിനായി 12 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. എം.ഐ.ക്ലാസ്1 പാലക്കാട് ജില്ലയിലെ കുഴൽമന്ദം ഗ്രാമപഞ്ചായത്തിലെ പെരിയപാലം പള്ളിയിൽ പെരിയപാലം തോടിൽ വി.സി.ബിയുടെ നിർമ്മാണത്തിനായി - 55.40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കൂടാതെ ചുവടെ പറയുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചു വരുന്നു.**

1. കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ കോരൻചിറ തോടിന്റെ വശങ്ങൾ സംരക്ഷണം
2. ആലത്തൂർ ഗ്രാമപഞ്ചായത്തിൽ മലമൽ വി.സി.ബി കേടുപാടുകൾ തീർക്കൽ

**സെക്ഷൻ ഓഫീസർ**